(ഇ) സർക്കാർ സർവ്വീസിൽ നിലവിലുള്ള തസ്തികകൾ വെട്ടിക്കുറച്ചതിന്റെ ഭാഗമായി ജയിൽ വകുപ്പിലും കുറവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കേരള ജയിൽ സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ സമഗ്രമായി ഭേദഗതി ചെയ്യാനുള്ള നടപടികൾ ആരംഭിച്ചത് 1997-ലാണ്. സർവ്വീസ് സംഘടനകളുമായുള്ള ചർച്ച ഇതിനകം പൂർത്തീകരിച്ചു. ചർച്ചയുടെ അടിസ്ഥാനത്തിലും സർക്കാർ നിർദ്ദേശിച്ച ചില ഭേദഗതികളുടെ അടിസ്ഥാനത്തിലുമുള്ള കരട് നിർദ്ദേശം സമർപ്പിക്കുവാൻ ജയിൽ വകുപ്പ് തലവനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിച്ചാലുടൻ തുടർനടപടികൾ സ്വീകരിക്കാനാകും.

(ബി) ചട്ടങ്ങളുടെ സമഗ്രമായ ഭേദഗതിയാണ് ഉദ്ദേശിക്കുന്നതെന്നതിനാൽ വിശദമായ പരിശോധന ആവശ്യമാണ്.

(സി) കണ്ണൂർ, വിയ്യൂർ, മേഖലാ ഡി. ഐ. ജി.-മാർക്ക് ഭരണ-സാമ്പത്തികാധികാരം വികേന്ദ്രീകരിച്ച് നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. പരിമിതമായ ജീവനക്കാരേയുള്ളുയെന്നതിനാൽ ആസ്ഥാന കാര്യാലയത്തിൽ നിന്ന് നിലവിലുള്ള ജീവനക്കാരെ വികേന്ദ്രീകരിച്ച് നിയമിക്കുവാൻ ഉദ്ദേശ്യമില്ല.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഇ) ജയിൽ വകുപ്പിൽ തസ്തികകൾ വെട്ടിക്കുറച്ചിട്ടില്ല.

മുൻ ജവാൻമാർക്കായുള്ള വിവിധ ക്ഷേമ പദ്ധതികൾ

78 [3465] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്തിട്ടുള്ള ജവാൻമാരുടെ വിധവകൾക്ക് ധനസഹായം നൽകുമെന്ന് ബജറ്റ് പ്രഖ്യാപനം ഉണ്ടായിരുന്നോ; എങ്കിൽ ഇതു സംബന്ധിച്ച് നടപടി സ്വീകരിച്ചോ; ഇല്ലെങ്കിൽ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) കേരള സ്റ്റേറ്റ് എക്സ്സർവീസ്മെൻസ് ഡലവപ്പ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ കാലങ്ങളായി പ്രവർത്തനക്ഷമം അല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സെക്യൂരിറ്റി ജോലിക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത യോദ്ധാക്കൾക്ക് പ്രതിമാസം നൽകി വരുന്ന 300 രൂപ ധനസഹായം 400 രൂപയായി ഉയർത്തുമെന്നും ഈ വിഭാഗത്തിൽ വിധവകൾക്ക് 300 രൂപ ധനസഹായം അനുവദിക്കുമെന്നും അർഹത നിർണയിക്കുന്നതിനുള്ള വരുമാന പരിധി 6,000 രൂപയിൽ നിന്നും 10,000 രൂപയായി വർദ്ധിപ്പിക്കുമെന്നും 2004-05-ലെ ബജറ്റ് പ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചിരുന്നു. ആയത് നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരള സ്റ്റേറ്റ് എക്സ്സർവീസ്മെൻ ഡവലപ്പ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷൻ പുനരധിവാസ പ്രവർത്തനത്തിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടില്ല. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സെക്യൂരിറ്റി മുതലായ മേഖലയ്ക്ക് പ്രത്യേകമായി മിനിമം വേതന കമ്മിറ്റി നിലവിൽ വന്നിട്ടില്ലാത്ത സാഹചര്യത്തിൽ തൊഴിൽ വകുപ്പ് വിജ്ഞാപനം ചെയ്തിട്ടുള്ള 'മിനിമം വേതനം' ബാധകമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

വിമുക്ത ഭടൻമാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമുള്ള പ്രവർത്തനങ്ങൾ

79 [3466] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമുക്ത ഭടൻമാരുടെ ക്ഷേമത്തിനും പുനരധിവാസത്തിനും വേണ്ടി എന്തെല്ലാം പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്നതെന്നറിയിക്കാമോ;

(ബി) കേരളത്തിലെ വിമുക്ത ഭടൻമാരുടെ സംഖ്യ എത്രയാണ്;

(സി) വിമുക്തഭടൻമാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കേണ്ട എക്സ് സർവ്വീസ് ഡവലപ്മെന്റ് കോർപ്പറേഷനിൽ എത്ര വിമുക്ത ഭടൻമാർ ഡയറക്ടർമാരായി പ്രവർത്തിക്കുന്നു;

(ഡി) കേന്ദ്ര സർക്കാരിന്റെ ഡയറക്ടർ ജനറൽ ഓഫ് റീസെറ്റിൽമെന്റ് വിവിധ സ്ഥാപനങ്ങളിലേയ്ക്ക് നിയമനത്തിനായി വിമുക്ത ഭടൻമാരെ ആവശ്യപ്പെട്ട് കോർപ്പറേഷന് എഴുതുകയുണ്ടായോ; എങ്കിൽ ഈ ഒഴിവുകളിൽ നിയമനം നടക്കുകയുണ്ടായോ;

(ഇ) എക്സ്സർവ്വീസ്മെൻ ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly